നം: ക്യൂ.ഐ.പി.2/47332/12/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയ്യതി: 18 /12/2012

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - അദ്ധ്യാപക പരിശീലനം - സംബന്ധിച്ച്.

സൂചന : 21-11-2012-ലെ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി യോഗ തീരുമാനം.

----------

മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അദ്ധ്യാപക പരിശീലനത്തിന്റെ സുഗമമായ നടത്തിപ്പിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടെ ഇതിനാൽ നൽകുന്നു.

1. അദ്ധ്യാപക പരിശീലനത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ള റിസോഴ്സ് അദ്ധ്യാപകരുടെ അപ്രൈസലും പെർഫോമൻസും റിപ്പോർട്ട് ഡയറ്റുകളുടെ സഹായത്തോടെ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കേണ്ടതാണ്.
2. അദ്ധ്യാപക പരിശീലനം സംബന്ധിച്ച് ജില്ലാതലത്തിൽ ഡി.ഡി.ഇ., ഡയറ്റ് പ്രതിനിധി, ഡി.പി.ഒ. (എസ്.എസ്.എ) എന്നിവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.
3. റിസോഴ്സ് അദ്ധ്യാപകരുടെ കുറവ് ഉണ്ടെങ്കിൽ കാറ്റഗറി തിരിച്ച് ആർ.പി.മാരുടെ കുറവ് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും എസ്.സി.ഇ.ആർ.ടി. ഡയറക്ടർക്കും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. കുറവുള്ള ആർ.പി.മാർക്ക് പകരം പുതിയ ആർ.പി.മാരെ പരിശീലനം നൽകി ലഭ്യമാക്കാൻ എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തുന്നു.
4. വിഷയാടിസ്ഥാനത്തിൽ 30 ദിവസത്തെ പരിശീലനത്തിനാവശ്യമായ പ്രോപ്പോസൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി ~~സമർപ്പി~~ക്കേണ്ടതാണ്.
5. നിലവിലുള്ള മാനേജ്മെന്റ് പരിശീലനത്തിന്റെ റിസോഴ്സ് അദ്ധ്യാപകരെ ക്ലസ്റ്റർ പരിശീലനത്തിന്റെ മോണിറ്ററിംഗിനായി നിയോഗിയ്ക്കാവുന്നതാണ്. ഇവർക്ക് മോണിറ്ററിംഗിനായുള്ള ടൂൾ എസ്.എസ്.എ. തയ്യാറാക്കി നൽകേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും എസ്.എസ്.എ.യ്ക്കും യഥാസമയം സമർപ്പിക്കേണ്ടതുമാണ്.
6. മാനേജ്മെന്റ് ട്രെയ്നിംഗിനായി നിയോഗിച്ചിട്ടുള്ള ആർ.പി.മാർക്ക് ഗവൺമെന്റ് കത്ത് നമ്പർ : 48109/ഡി2/12 തീയതി 14-09-12 പ്രകാരം പരിശീലന കാലയളവിൽ പ്രതിദിനം 200/- രൂപ നിരക്കിൽ ക്യൂ.ഐ.പി. ഫണ്ടിൽ നിന്നും അനുവദിച്ച തുകയിൽനിന്നും വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന നൽകാവുന്നതാണ്.

പകർപ്പ്:- എല്ലാ DDE മാർക്കും
എല്ലാ DEO മാർക്കും
SCERT. ഡയറക്ടർ
എല്ലാ സ്കൂൾ പ്രിൻസിപ്പൽ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

PS 18-12-12